DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

12.06.2019

# കാർഷികമേഖലാവാർത്തകൾ

## നാളികേര വികസന ബോർഡ് ദേശീയ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

നാളികേര വികസന ബോർഡ് രണ്ടുവർഷത്തിലൊരിക്കൽ ഏർപ്പെടുത്തിയിട്ടുള്ള ദേശീയ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. നൂതന നാളികേര കൃഷിരീതി, ഉത്പന്ന വികസനം, ഉത്പന്ന നവീകരണം, ഉത്പന്ന വൈവിധ്യവത്ക്കരണം, വിപണനം, ഗുണമേന്മ, കയറ്റുമതി, വിജ്ഞാന വ്യാപനം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അപേക്ഷിക്കാം. മികച്ച നാളികേര കർഷകൻ, നാളികേരസംരംഭകൻ, ഗവേഷകൻ, നാളികേരാധിഷ്ഠിത കരകൗശല വിദഗ്ധൻ, നാളികേര ഉത്പന്ന കയറ്റുമതി വ്യവസായി, കേരവികസന വിജ്ഞാന വ്യാപന പ്രവർത്തകൻ, നീര ടെക്നീഷ്യൻ, തെങ്ങുകയറ്റ തൊഴിലാളി, മികച്ച നാളികേര ഉത്പാദക ഫെഡറേഷൻ, വനിതാ സംസ്കരണ യൂണിറ്റ്, ബോർഡിനു കീഴിലുള്ള മികച്ച നാളികേര തോട്ടം എന്നീ വിഭാഗങ്ങളിലായി മൊത്തം 23 പുരസ്കാരങ്ങളാണ് നൽകുക. മികച്ച നാളികേര കർഷക അവാർഡിനുള്ള നാമനിർദ്ദേശങ്ങൾ സംസ്ഥാന കൃഷി ഹോർട്ടിക്കൾച്ചർ വകുപ്പ് ഡയറക്ടർ, നാളികേര ഉത്പാദക ഫെഡറേഷനുകൾ, നാളികേര വികസന ഓഫീസുകൾ എന്നീ സ്ഥാപനങ്ങളിൽ അപേക്ഷ ലഭിക്കേണ്ട അവസാന

തീയതി ജൂലൈ 15 ഉം, മറ്റ് വിഭാഗങ്ങൾക്കുള്ള അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 30 ഉം ആണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറവും ബോഡിന്റെ ഓഫീസിൽ നിന്നോ www.coconutboard.nic.in എന്ന വെബ് സൈറ്റിലോ ലഭ്യമാണ്.

## പരിശീലനം

ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18,19 തീയതികളിൽ 2 ദിവസത്തെ തീറ്റപ്പുൽകൃഷി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ 17-ാം തീയതിക്കു മുമ്പായി ഫോൺ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേരെ മാത്രമേ പരിശീലനത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 125 രൂപ ദിനബത്തയും ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. ഇതിനുമുൻപ് ഈ സ്ഥാപനത്തിൽ നിന്നും ഈ വിഷയത്തിൽ പരിശീലനം ലഭിച്ചിട്ടുള്ളവർ പങ്കെടുക്കാൻ പാടുള്ളതല്ല. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471 - 2440911

## അറിയിപ്പ്

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും മുട്ടയുൽപാദനം കുറഞ്ഞ കോഴികളെ ഇറച്ചിവിലയ്ക്ക് കിലോയ്ക്ക് 80 രൂപ നിരക്കിൽ ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ രാവിലെ 10.15 മണി മുതൽ വിൽക്കുന്നു. രണ്ടു ദിവസങ്ങളിലേയും വിൽപന ടോക്കൺ ബുധനാഴ്ച

രാവിലെ 10 മണിയ്ക്ക് നൽകുന്നതാണെന്ന് പ്രൊഡക്ഷൻ മാനേജർ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി അറിയിച്ചു.

## അറിയിപ്പ്

കരുവാറ്റ കൃഷി ഭവൻ പരിധിയിൽ വരുന്ന കരനെൽകൃഷി ചെയ്യാൻ താൽപര്യമുളള കർഷകർ കരുവാറ്റ കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## മത്സ്യകൃഷിക്ക് ധനസഹായം

ഫിഷറീസ് വകുപ്പിന്റെ പദ്ധതിയിൽപ്പെടുന്ന ഒരു നെല്ലും ഒരു മീനും എന്ന പദ്ധതി പ്രകാരം 100 ഹെക്ടർ പാടശേഖരത്തിൽ കൃഷി ചെയ്യുന്നതിന് 20 ലക്ഷം രൂപ ചെലവു വരും. ഇതിന്റെ 40 ശതമാനം, ഹെക്ടറിന് പരമാവധി 8000 രൂപ നിരക്കിൽ 100 ഹെക്ടറിന് 8 ലക്ഷം രൂപ ധനസഹായം നൽകുന്നു.

## കുരുമുളക് തൈകൾ വിൽപ്പനയ്ക്ക് തയ്യാർ

പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിൽ കുരുമുളക് തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതർ വിവരങ്ങൾക്ക് 0460-2227287 എന്ന നമ്പരിൽ ബന്ധപ്പെടുക.